**കേരളസർക്കാർ**

**കേരള വനം വന്യജീവിവകുപ്പ്**

**കണ്ണൂർ ഡിവിഷൻ**

**ലഘു-ലേല പരസ്യം**

**KFDDO/23141/2026-DFOKNR/KN** **31-08-2026**

കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിൽ കണ്ണവം റെയിഞ്ചിനു കിഴിൽ ശ്രീ രാജു എൻ നവ്യ നിവാസ് കണ്ണവം എന്നവരുടെ വീടിനു ഭീഷണിയായ നിലയിൽ ചാഞ്ഞു നിൽക്കുന്ന 1 മഴമരം **07.09.2026** തീയ്യതിയിൽ സ്ഥലത്തുവെച്ച് നിൽപ്പുവിലയ്ക്ക് ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ **09.09.2026**-ൽ നടക്കുന്നതായിരിക്കും. വിശദ വിവരത്തിനായി കണ്ണോത്തുംചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ കണ്ണവം ഫോറസ്റ്റ് റെയിഞ്ച് ഓഫീസിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**TENDER SHEDULE**

| SL NO | SPECIES | Timber | | | Firewood | | | | Grand Total |
|---|---|---|---|---|---|---|---|---|---|
| | | Quantity of Timber | Rate | Amount | Quantity of FW(M3) | Quantity of FW (MT) | Rate | Amount | – |
| 1. | Mazhamaram | 2.869 | 3300 | 9467.7 | 2.498 | 1.249 | 1470 | 1836.03 | 11303.73 |

| | |
|---|---|
| ലേല തീയ്യതിയും സമയവും | 07.09.2026 കാലത്ത് 11 മണി |
| 17.06.2026 തീയ്യതിയിൽ ലേലം നടന്നില്ലെങ്കിൽ പകരം ലേലം നടക്കുന്ന തീയ്യതിയും സമയവും | 09.09.2026 കാലത്ത് 11 മണി |
| കരാർകാലാവധി | ലേല സ്ഥിരീകരണം അറിയിക്കുന്ന തീയ്യതി മുതൽ 30 ദിവസം |

അഡീഷണൽ പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ്കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിൻറെ **17.10.2014** ലെ പ്രൊ.**4-29243/13-**ാംം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ള ലേല വ്യവസ്ഥകൾക്കും നിൽപ്പു മരങ്ങളുടെവിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും പുറമേ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് **20000** രൂപ നിരതദ്രവ്യം ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം അന്നേ ദിവസം തന്നെ തിരികെ നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി മരങ്ങളുടെ ഗുണമേൻമ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഇത് സംബന്ധിച്ച യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ കണ്ണവം റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

വിജയിക്കുന്ന ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് **3** ദിവസത്തിനകം ലേലത്തുകയുടെ ചുരുങ്ങിയത് **35%** തുക ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിൻറെ ഇ-ട്രഷറി സംവിധാനം മുഖേന അടക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടുന്നതും ടിയാൻറെ

നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലക്കാരൻറെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തേണ്ടി വരുന്ന പക്ഷം തുക ആദ്യ ലേലത്തുകയേക്കാൾ കുറവായാൽ ടി നഷ്ടവും മറ്റ് ചെലവുകളും ഉൾപ്പെടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിശ്ചയിക്കുന്ന തുക നഷ്ടം വരുത്തിയ ലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ മുഖേന ഈടാക്കുന്നതാണ്.

വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി, വന വികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയ്യതി മുതൽ 7 ദിവസത്തിനകം ബാക്കി തുകയുടെ മൂന്നിലൊന്നും, മൊത്തം തുകയുടെ 5% വനവികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി, വരുമാന നികുതി എന്നിവകളും ഒടുക്കി 200 രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി വെക്കേണ്ടതുമാണ്.

കരാർകാലാവധിക്കുള്ളിൽ ടി മരം മുറിച്ച് നീക്കം ചെയ്യാത്ത പക്ഷം ആയത് കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്. കരാർ കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയ്യതി മുതൽ 30 ദിവസമാണ്.മറ്റൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനായുള്ള അധികാരം കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഓക്ഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ - **dfo-knr.for@kerala.gov.in, dfoknr@gmail.com**

ഫോൺ ഡിവിഷൻ ഓഫീസ്**04972704808** ",

കണ്ണവം റെയിഞ്ച്ഫോറസ്റ്റ്ഓഫീസ് - **04902300971**

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം

Digitally signed by SAJI K
Date: 31-08-2026 15:14:22

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

കണ്ണൂർ

(കേരളഗവർണ്ണർക്കുവേണ്ടി)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

കണ്ണൂർ

സ്വീകർത്താവ്,

പകർപ്പ്: